629
17/11/15

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - സർക്കാർ അംഗീകൃത അനാഥാലയങ്ങൾ, വൃദ്ധസദനങ്ങൾ, യാചക മന്ദിരങ്ങൾ, വികലാംഗർക്ക വേണ്ടിയുള്ള സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ അന്തേവാസികൾക്ക നൽകുന്ന പ്രതിമാസ ഗ്രാന്റ് 800/- രൂപയിൽ നിന്നും 1000/- രൂപയായി വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

=========================================================================

സാമൂഹ്യനീതി (സി) വകുപ്പ്

സ.ഉ.(സാധാ) നം.17/15/സാനീവ — തിരുവനന്തപുരം, തീയതി. 14.01.2015.

=========================================================================

പരാമർശം:- 1. 10.09.2014 ലെ സ.ഉ്(സാധാ) 571/14/സാനീവ നമ്പർ ഉത്തരവ്
2. സാമൂഹ്യനീതി വകുപ്പ ഡയറക്ടറുടെ 14.05.2014 ലെ ഒസിബി1/1670/14 നമ്പർ കത്ത്.

## ഉത്തരവ്

സംസ്ഥാനത്തെ അംഗീകൃത അനാഥാലയങ്ങൾ, വൃദ്ധസദനങ്ങൾ, യാചക മന്ദിരങ്ങൾ, വികലാംഗർക്ക വേണ്ടിയുള്ള സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ അന്തേവാസികൾക്ക നൽകുന്ന പ്രതിമാസ ഗ്രാന്റ് 2014-15 ലെ ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെയടിസ്ഥാനത്തിൽ 700/- രൂപയിൽ നിന്നും 800/- രൂപയായി പരാമർശം (1) ലെ ഉത്തരവു പ്രകാരം വർദ്ധിപ്പിച്ചിരുന്നു.

2. ബഡ്ജറ്റ് മറുപടി പ്രസംഗത്തിൽ പ്രഖ്യാപിച്ച വർദ്ധനവും കൂടി ഉൾപ്പെടുത്തി അന്തേവാസികൾക്ക നൽകുന്ന ഗ്രാന്റ് 1000/- രൂപയായി വർദ്ധിപ്പിക്കണമെന്ന് സാമൂഹ്യനീതി ഡയറക്ടർ പരാമർശത്തിലെ കത്തു പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാനത്തെ അംഗീകൃത അനാഥാലയങ്ങൾ, വൃദ്ധസദനങ്ങൾ, യാചക മന്ദിരങ്ങൾ, വികലാംഗർക്ക വേണ്ടിയുള്ള സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ അന്തേവാസികൾക്ക നൽകുന്ന പ്രതിമാസ ഗ്രാന്റ് 800/- രൂപയിൽ നിന്നും 1000/- രൂപയായി വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ഈ വർദ്ധനവ് 01.01.2015 മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം )
**ഡോ. കെ.എം. എബ്രഹാം**
അഡീഷണൽ ചീഫ് സെക്രട്ടറി

സാമൂഹ്യനീതി വകുപ്പ ഡയറക്ടർ, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി,ഓർഫനേജ് കൺട്രോൾ ബോർഡ്, വികാസ് ഭവൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ & ഇ) കേരളം, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (01.01.2014 ലെ 61354/ww2/14/ധന. നമ്പർ പ്രകാരം)
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം, വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
കരുതൽ ശേഖരം, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ